ബിയർ	4.5 ലിറ്റർ
വൈൻ	4.5 ലിറ്റർ
വിദേശനിർമ്മിത വിദേശമദ്യം	4.5 ലിറ്റർ
കൊക്കോ ബ്രാണ്ടി	1.5 ലിറ്റർ

(സി) 3.6.99-ലെ ഉത്തരവിൻ പ്രകാരം ഒരാൾക്ക് ഒരു സമയം മേൽപറഞ്ഞ ഏതെങ്കിലും ഒരിനം മദ്യം മാത്രമേ മേൽപറഞ്ഞയളവിൽ കൈവശം വയ്ക്കുവാനും ട്രാൻസ്പോർട്ട് ചെയ്യുവാനും പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

36 (328) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമമനുസരിച്ച് ഒരാളിന് ഒരു സമയം പെർമിറ്റ് കൂടാതെ സൂക്ഷിക്കാവുന്ന ഇൻഡ്യൻ നിർമ്മിത വിദേശമദ്യം, കള്ള്, വൈൻ, ബിയർ, കൊക്കോബ്രാണ്ടി എന്നിവയുടെ അളവ് എത്രയെന്നു വിശദീകരിക്കുമോ;

(ബി) 1999 ഫെബ്രുവരി 5-ാം തീയതി പുറപ്പെടുവിച്ച അസാധാരണ ഗസറ്റിലെ ഉത്തരവ് അനുസരിച്ച് പെർമിറ്റ് കൂടാതെ വ്യക്തികൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുകയാണോ കുറയ്ക്കുകയാണോ ചെയ്തത്;

(സി) പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമമനുസരിച്ച് ഒരാളിന് പെർമിറ്റു കൂടാതെ ഒരു സമയം താഴെപ്പറയുന്ന അളവിൽ ഏതെങ്കിലും ഒരു മദ്യം സൂക്ഷിക്കാവുന്നതാണ്.

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	-	1.5 ലിറ്റർ
കള്ള്	-	2.5 ലിറ്റർ
വൈൻ	-	4.5 ലിറ്റർ
ബിയർ	-	4.5 ലിറ്റർ
കൊക്കോബ്രാണ്ടി	-	1.5 ലിറ്റർ

(ബി) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അളവ് കുറയ്ക്കുകയാണ് ചെയ്തത്.

(സി) വയ്ക്കുന്നു†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly